# ഒരു തെറ്റായ ഫോർമുലയും അതിന്റെ അനന്തര ഫലങ്ങളും.

1. **<u>അധിക പ്രയത്ന-സമയ ഉപയോഗങ്ങളും, അമിത വിഭവ ഉപഭോഗങ്ങളും</u>**: പ്രതിദിന ഉപജീവനത്തിനു വേണ്ട ഉത്പന്ന-സേവനങ്ങൾ വിദ്യാഭ്യസം വിഭവം എന്നിവ ലഭിക്കാൻ ജനങ്ങളും, അനിവാര്യ രാഷ്ട്ര-നിർമ്മാണത്തിനു വേണ്ട ഇവ ലഭിക്കാൻ ഭരണാധികാരികളും പണം പ്രതിഫലമായി നൽകണം. എന്നാൽ, ഈ പണം ലഭിക്കാനായി ആദ്യം ഉത്പന്ന-സേവനങ്ങൾ തന്നെ നിർമ്മിക്കുകയും വേണം. ആയതിനാൽ, അനാവശ്യ ഉത്പന്ന സേവനങ്ങൾ നിർമ്മിക്കാനും, അധിക പ്രവർത്തി-സമയങ്ങൾ ചിലവഴിക്കാനും, അമിത പ്രകൃതി വിഭവങ്ങൾ ചിലവഴിക്കാനും ആ രാജ്യത്തെ ജനങ്ങൾക്കും അധികാരികൾക്കും സദാ നിർബന്ധിതരാകേണ്ടി വരുന്നു.

2. **<u>പരിമിതമാകുന്ന അതിജീവന സാദ്ധ്യതകളും, നിഷേധിക്കപ്പെടുന്ന വ്യക്തി സ്വാതന്ത്ര്യവും:</u>** ഇവിടെ ജനിക്കുന്ന ഒരു പൗരനും, അവരുടെ മുതിർന്ന തലമുറക്ക് പണം പ്രതിഫലമായി നൽകാതെ ജനനം മുതൽ വേണ്ട ഉത്പന്നങ്ങളും സേവനങ്ങളും ഉപഭോഗിക്കാനും ഇവ നിർമ്മിക്കാൻ വേണ്ട വിദ്യാഭ്യസവും വിഭവങ്ങളും വിനിയോഗിക്കാനും കഴിയുകയില്ല. ഈ സാഹചര്യത്തിൽ ഉത്പന്ന-സേവനങ്ങൾ നിർമ്മിച്ചാൽ മാത്രം ലഭിക്കുന്ന പണം കണ്ടെത്തുക എന്നുള്ള പ്രക്രിയയിൽ നിന്നും രാജ്യത്തെ എല്ലാ പൗരന്മാർക്കും ആജീവനാന്തം മോചനമില്ലാതെ വരുന്നു. അത് അവരുടെ വ്യക്തി വികസന സാധ്യത ഇല്ലാതാക്കുന്നു. സമയത്തെ തുല്യമായി അനുഭവിക്കാനുള്ള അവസരം നിഷേധിക്കുന്നു. പരസ്പരം മത്സരിക്കാനും സദാ പ്രേരിപ്പിക്കുന്നു.

3. **<u>അമിതഭാരം പേറുന്ന ഉത്പാദകനും ഉപഭോക്താവും:</u>** ഉത്പാദകൻ, നിശ്ചിത സംഖ്യാമൂല്യം നിശ്ചയിച്ച ഉത്പന്നമോ, സേവനമോ ഉപയോഗിക്കാൻ ഉപഭോക്താവിന് തുല്യസംഖ്യാമൂല്യം തന്നെ പ്രതിഫലമായി നൽകണം. അതായത്, 100 എന്ന ഒരു സംഖ്യാമൂല്യം നിശ്ചയിച്ച ഒരു ഉത്പന്നമോ സേവനമോ ഉപഭോഗിക്കാൻ 100 എന്ന മറ്റൊരു എന്ന സംഖ്യാ തന്നെ പ്രതിഫലമായി നൽകണം. ആയതിനാൽ, ഇവ നിർമ്മിക്കാൻ ഉത്പാദകനും, ഇവ ഉപഭോഗിക്കാൻ ഉപഭോക്താവിനും വിവരങ്ങളും വിഭവങ്ങളും ഉപയോഗിച്ച് മറ്റൊരു ഉത്പന്നമോ, സേവനമോ നിർമ്മിച്ചുതന്നെ ഈ സംഖ്യകൾ കണ്ടെത്തേണ്ടി വരുന്നു.

4. **<u>കൈവരിക്കാനാകാത്ത സ്ഥിതി-സമത്വ-സാഹോദര്യം:</u>** ഉത്പന്ന സേവനങ്ങൾ നിർമ്മിക്കാൻ വേണ്ട വിഭവങ്ങളും വിദ്യാഭ്യാസവും, വ്യക്തികൾക്ക് അവരുടെ ഉടമസ്ഥതയിലാക്കാൻ നിലവിലെ ഭരണഘടന അനുവദിക്കുമ്പോൾ, ഭരണാധികാരികൾക്ക് രാജ്യത്തെ ജനങ്ങൾക്ക് വേണ്ട ഉത്പന്ന-സേവനങ്ങൾ നിർമ്മിച്ച് വിതരണം നടത്താനായി ഈ വ്യക്തികളെ ആശ്രയിക്കണം എന്നു വരുന്നു. ആയതിനാൽ വിവരങ്ങളുടെയും വിഭവങ്ങളുടെയും ഉത്പന്ന-സേവനങ്ങളുടെയും സമ്പൂർണ്ണ നിയന്ത്രണം ഇവരുടെ മാത്രം കൈകളിലാകുന്നു. അതോടെ സ്ഥിതി-സമത്വ-സാഹോദര്യം രാജ്യത്ത് അസംഭാവ്യമാകുന്നു. വിദ്യാഭ്യാസവും വിഭവങ്ങളും പരിമിതമായുള്ളവർക്കു അത് അമിതമായി ഉള്ളവരുടെ സേവകരോ ആശ്രിതരോ ആയി കഴിയേണ്ടിവരുന്നു. ഇവ സ്വന്തം പേരിൽ ഇല്ലാത്തവർക്കു ജീവൻ രക്ഷാ വിഭവങ്ങൾ പോലും നിഷേധിക്കപ്പെടുകയും ചെയ്യുന്നു.

.

5. **<u>സുസ്ഥിരമല്ലാത്ത രാഷ്ട്ര-നിർമ്മാണവും ഉപഭോഗയോഗ്യമല്ലാത്ത ഉത്പന്ന-സേവനങ്ങളും:</u>** ലാഭ മൂല്യങ്ങളിൽനിന്ന് നികുതി വിഹിതങ്ങൾ കണ്ടെത്തണം എന്നും, നികുതി വിഹിതങ്ങളിൽ നിന്ന് രാഷ്ട്ര-നിർമ്മാണം നടപ്പിലാക്കണം എന്നും വരുമ്പോൾ, എല്ലാ രാജ്യങ്ങളിലെ ഭരണാധികാരികൾക്കും ഭൂമിയിലെ വിവിധ വിഭവസ്രോതസ്സുകൾ ഒന്നൊന്നായി വാണിജ്യ അടിസ്ഥാനത്തിൽ വിനിയോഗിക്കേണ്ടി വരുന്നു. ഇവയിൽ നിന്നും, ലാഭലബ്ധിക്കുതകുംവിധം വിവിധതരം ഉത്പന്ന-സേവനങ്ങൾ ഉത്പാദിപ്പിക്കാൻ നിയമ നിർമ്മാണങ്ങൾ നടത്തേണ്ടി വരുന്നു. ലാഭമൂല്യങ്ങൾ നിലയ്ക്കാതെ ലഭിക്കാനായി സംരംഭകർക്ക് ആവശ്യ അളവിലും കൂടുതലായി ഉത്പന്ന-സേവനങ്ങൾ നിർമ്മിക്കേണ്ടി വരുന്നു. ഈ നിർമ്മാണ വിപണന പ്രക്രിയ നിലനിർത്താനായി "പണം" കടമായും, ഇളവുകളായും (Loan and Subsidy) നൽകേണ്ടി വരുന്നു. അസത്യ അവകാശ വാദങ്ങളിലൂടെയും, പരസ്യ പ്രലോഭന തന്ത്രങ്ങളിലൂടെയും ഇവ വിറ്റഴിക്കാൻ അനുവദിക്കേണ്ടി വരുന്നു. ഇങ്ങനെ ലഭിക്കുന്ന ലാഭങ്ങളിൽ നിന്നും നികുതി വിഹിതങ്ങൾ ലഭിക്കാനായി നിരന്തരം പലവിധ നിയമങ്ങൾ നിർമ്മിച്ച് നിലവിൽ വരുത്തുകയും നിർലോപം നികുതി പിരിവുകൾ നടപ്പിലാക്കേണ്ടിയും വരുന്നു. എന്നാൽ, ലാഭം ലഭിക്കാനായി ഉത്പാദിപ്പിക്കുന്ന ഉത്പന്ന-സേവനങ്ങൾ, മനുഷ്യ ശേഷികൾ വേണ്ടപോലെ പ്രയോജനപ്പെടുത്തിയതാവില്ല, മനുഷ്യ സുരക്ഷിതത്വം വേണ്ടത്ര ഉറപ്പു വരുത്തിയതാവില്ല, മനുഷ്യ ആവശ്യങ്ങളുടെ അനുപാതം അനുസരിച്ചാവില്ല, മനുഷ്യ വളർച്ചക്ക് അനുകൂലമായതാവില്ല, മനുഷ്യ ആസ്വാദനത്തിന് ഉതകുന്നതാകില്ല, പിൻതലമുറകളുടെ

കാര്യം പരിഗണിച്ചതാവില്ല, ജൈവഘടനക്കു അനുയോജ്യമായതാവില്ല എന്നെല്ലാമുള്ള വസ്തുതകൾക്കും ന്യൂനതകൾക്കും പരിഹാരരഹിത സമസ്യകൾക്കും ഇത് കാരണമായിത്തീരുന്നു.

മാത്രവുമല്ല, ലാഭനിർമ്മിതിക്കു വേണ്ടി ഉത്പാദിപ്പിക്കപ്പെടുന്ന അധിക ഉത്പന്നങ്ങളും അവയുടെ അവശിഷ്ടങ്ങളും, ജീവിവർഗ്ഗങ്ങളുടെ നിലനിൽപ്പിനുതന്നെയും ഭീഷണിയാകുന്ന മാലിന്യവസ്തുക്കളായി ഭൂമിയിൽ തന്നെ അവശേഷിപ്പിക്കേണ്ടിയും വരുന്നു.

6. **<u>സംരക്ഷിക്കാനാകാത്ത അറിവുകളും വിഭവങ്ങളും</u>** നാട്ടറിവുകളും, പാരമ്പര്യ കഴിവുകളും വിനിയോഗിച്ചുള്ള ഉത്പന്ന-സേവനങ്ങളുടെ നിർമ്മാണത്തിലും വിനിമയത്തിലും, ലാഭമൂല്യങ്ങളും നികുതി വിഹിതങ്ങളും പരിമിതമായതിനാൽ, അവ സംരക്ഷിക്കപ്പെടാതിരിക്കുകയും പ്രോൽസാഹിപ്പിക്കപ്പെടാതിരിക്കുകയും പലപ്പോഴും തടസ്സപ്പെടുത്തുകയും ചെയ്യേണ്ടിവരുന്നു. ആയതിനാൽ വിലമതിക്കാനാവാത്ത നിർമ്മാണ അറിവുകളും അമൂല്യ പ്രകൃതി വിഭവങ്ങളും മനുഷ്യവംശത്തിനു അന്യമാകുന്നത് നിസ്സഹായതയോടെ നോക്കി നിൽക്കേണ്ടിയും വരുന്നു.

7. **<u>സാങ്കൽപ്പിക സംഖ്യാ മൂല്യങ്ങളും അവ നൽകുന്ന അനന്തരഫലങ്ങളും</u>** ഓരോ തലമുറയിലെ അംഗങ്ങൾക്കും, വിദ്യാഭ്യാസം, വിഭവങ്ങൾ, ഉത്പന്ന-സേവനങ്ങൾ പ്രയത്ന-സമയങ്ങൾ എന്നിവയിൽ നിക്ഷിപ്തമാക്കിയ സാങ്കൽപ്പിക സംഖ്യകളെ, ഒരു പുരുഷായുസ്സിൽ തന്നെ പല മടങ്ങ് വർദ്ധിപ്പിക്കേണ്ടി വരുന്നു. അനിയന്ത്രിത സംഖ്യാമൂല്യങ്ങളുള്ള ഇവയുടെ ലബ്ധിക്കായി, മനുഷ്യർക്ക് സദാ ചേരിതിരിഞ്ഞ് കലാപങ്ങൾ നടത്തി മരിക്കേണ്ടി വരുന്നു. അല്ലാത്ത പക്ഷം, പ്രകൃതി വിഭവങ്ങളെയും പിൻതലമുറകളെയും ചൂഷണം ചെയ്താൽ മാത്രം ലഭിക്കുന്ന "പണം", വിനിമയം നടത്തി അനിശ്ചിതത്വത്തിൽ ഭൂമിയിൽ ജീവിക്കേണ്ടി വരുന്നു. ഇപ്രകാരം ജനങ്ങൾ ഉപജീവനം നടത്തുന്ന രാജ്യങ്ങളിലെ ഭരണാധികാരികൾക്ക് അവരുടെ അതിർത്തി സംരക്ഷിക്കാൻ, നികുതി വഴി സമ്പാദിച്ച പണത്തിന്റെ സിംഹഭാഗവും ചെലവഴിക്കേണ്ടി വരുന്നു. ഫലപ്രാപ്തി ഉറപ്പുവരുത്തിയ തീവ്രസ്ഫോടന ഫോർമുലകളും, സർവ്വനാശ പടക്കോപ്പുകളും നിർമ്മിക്കേണ്ടിയും, സംഭരിക്കേണ്ടിയും, രഹസ്യമാക്കി വെക്കേണ്ടിയും വരുന്നു. മഹായുദ്ധങ്ങളും ആഭ്യന്തര കലാപങ്ങളും കൂട്ടക്കൊലകളും തടവറകളിലെ പീഡനങ്ങളും മനുഷ്യ വംശത്തിന്റെ ചരിത്രത്തിലും വർത്തമാനത്തിലും എന്നും കാണേണ്ടിയും വരുന്നു.

8. **<u>നശിക്കുന്ന പ്രകൃതി വിഭവങ്ങളും, ശോഷിക്കുന്ന മനുഷ്യ മൂല്യങ്ങളും:-</u>** എല്ലാ രാജ്യത്തെ ഭരണഘടനയും നിർദേശിച്ച പ്രകാരം, സർവ്വ ലോക ജനങ്ങൾക്കും വിദ്യാഭ്യാസവും വിഭവങ്ങളും ഉത്പന്ന-സേവനങ്ങളും ലഭിക്കാനായി അധിക പ്രകൃതി വിഭവങ്ങളും അമിത പ്രയത്ന-സമയങ്ങളും ചിലവഴിച്ചാൽ മാത്രം ലഭിക്കുന്ന പണം ലാഭസമേതം അവരുടെ മുതിർന്ന തലമുറയിലെ അംഗങ്ങൾ പ്രതിഫലമായി നൽകേണ്ടി വന്നു. ഈ പ്രകൃതി വിരുദ്ധവും മനുഷ്യത്വ രഹിതവുമായ പ്രവർത്തികൾ പല തലമുറകളായി നിരന്തരം ചെയ്തു വന്നപ്പോൾ 80%-ജൈവഊർജ്ജ (Fossil Fuels) സ്രോതസ്സുകൾ ഈ ജീവമണ്ഡലത്തിൽ നിന്നും ഇല്ലാതായി. 65%-സസ്യഹരിത വനമേഖലകൾ മരുഭൂമിയായി. 57%-ജീവജാലങ്ങൾ വംശനാശത്തിന് ഇരയായി. ഹിമശേഖരങ്ങളിലെ സിംഹഭാഗവും അപ്രത്യക്ഷമായി. കാലാവസ്ഥാ വ്യതിയാനങ്ങൾ നിത്യസംഭവങ്ങളായി. ജലസ്രോതസ്സുകൾ ഉപയോഗ ശൂന്യമായി. ഭക്ഷ്യശൃംഖലകൾ തടസ്സപ്പെടാൻ കാരണമായി. മണ്ണും, ജലവും, വായുവും, ഭക്ഷണവും വിഷമയമായി. ഭൂമിയുടെ സ്വാഭാവിക ജൈവഘടന നാശോന്മുഖമായി. അന്തരീക്ഷത്തിൽ വിഷവാതകങ്ങൾ അമിതമായി. ആഗോളതാപനം ജീവജാലങ്ങൾക്ക് ഭീഷണിയായി. ഭൂമി, മാലിന്യമലകളായി. കടൽ, മാലിന്യക്കരകളായി. മാരകരോഗാണുക്കൾ സൃഷ്ടിക്കപ്പെടാനിടയായി. ഭാവിതലമുറകളുടെ കാര്യം പ്രവചനാതീതമാംവിധം ഭയാനകവുമായി.
കൂടാതെ, മനുഷ്യർക്ക്, സമാധാനം സ്വാതന്ത്ര്യം സുരക്ഷിതത്വം എന്നിവ നഷ്ടമായി. ആരോഗ്യം ആസ്വാദനം ആത്മ വിശ്വാസം എന്നിവ അന്യമായി. പ്രതിബദ്ധത സഹനശക്തി പരസ്പരവിശ്വാസം എന്നിവ ഇല്ലാതായി. കൂടാതെ മൂല്യ സംരക്ഷണം വിജ്ഞാന സംരക്ഷണം വൃദ്ധജന സംരക്ഷണം എന്നിവ വേണ്ടെന്നുമായി. മേൽപ്പറഞ്ഞ വിഭവങ്ങളുടെയും മൂല്യങ്ങളുടെയും ശോഷണങ്ങൾക്ക് എല്ലാ രാജ്യങ്ങളിലെയും നിലവിലെ ഭരണഘടന കാരണവുമായി.(Data source: Worldwide forum).

9. **<u>വിഘടിക്കപ്പെട്ട മനുഷ്യവംശം:</u>** ഓരോ തലമുറയിലെയും അംഗങ്ങൾ ഉടമസ്ഥാവകാശം സ്ഥാപിച്ചുവച്ചിരിക്കുന്ന വിഭവങ്ങൾ കാലശേഷം അനന്തരാവകാശമായി സ്വന്തം സന്തതികൾക്ക് തന്നെ നൽകുക എന്നുള്ളതാണ് പതിവ്. ഇതിനു അനുകൂലമായതാണ് എല്ലാ രാജ്യങ്ങളുടെയും നിയമ സംവിധാനം. ഈ സാഹചര്യത്തിൽ ഒരു രാജ്യത്തിന്റെ സ്വത്തുക്കൾക്ക് മുഴുവൻ അവകാശമുള്ള പൌരന്മാർ കേവലം അവരുടെ മാതാപിതാക്കളുടെ സ്വത്തുക്കൾക്ക് മാത്രം അവകാശമുള്ളവരായി മാറുന്നു. ഈ അവസ്ഥ തുടരുമ്പോൾ ഓരോ തലമുറ

കഴിയുമ്പോഴും ഒരു രാജ്യത്തിന്റെ സ്വത്തായ അവിടുത്തെ പൌരന്മാരും വിഭവങ്ങളും പല വ്യക്തികളുടെ ഉടമസ്ഥതയിൽ ആ രാജ്യത്തെ നിയമം മൂലം തന്നെ വിഘടിപ്പിക്കപ്പെടുന്നു.

എന്നാൽ വ്യത്യസ്ത ഉത്പന്ന സേവനങ്ങളുടെ യഥാസമയ ലഭ്യതക്കു വേണ്ടി ഒരു രാഷ്ട്രത്തിന്റെ കീഴിൽ അണിനിരന്ന് കൂട്ടായി പ്രവർത്തി സമയം വിനിയോഗിക്കുക എന്നുള്ളത് ഒരു ജീവശാസ്ത്ര അനിവാര്യതയാണ്. ഇത് രാജ്യത്തെ നിയമം മൂലം നിഷേധിക്കപ്പെട്ടപ്പോൾ ഈ അനിവാര്യത നിലനിർത്താനായി ആ രാജ്യത്തെ ജനങ്ങൾക്ക് മറ്റു പല പേരുകളിലും രൂപങ്ങളിലും ഈ സംഘബോധം നിലനിർത്തേണ്ടി വന്നു. അതിലെ ചില പ്രധാന സംഘങ്ങൾ ആണ് ക്രിസ്തീയ-ഇസ്ലാമിയ-ഹൈന്ദവ മതങ്ങളുടെ സംഘങ്ങൾ കിഴക്ക്-പടിഞ്ഞാറ് / തെക്കു-വടക്കു വസിക്കുന്നവരുടെ സംഘങ്ങൾ, കറുത്ത-വെളുത്ത വർണ്ണക്കാരുടെ സംഘങ്ങൾ, സവർണ്ണ-അവർണ്ണ ജാതിക്കാരുടെ സംഘങ്ങൾ, ഭൂരിപക്ഷ-ന്യൂനപക്ഷ വിഭാഗങ്ങളുടെ സംഘങ്ങൾ, ഇടതു-വലതു ചിന്തകരുടെ സംഘങ്ങൾ, മുതലാളി-തൊഴിലാളി വർഗ്ഗങ്ങളുടെ സംഘങ്ങൾ, സ്ത്രീ-പുരുഷ-ഭിന്നലിംഗക്കാരുടെ സംഘങ്ങൾ എന്നിവ.

10. **<u>അനിവാര്യമായ പുന:സ്ഥാപനവും അതിലെ അതിവൈരുദ്ധ്യങ്ങളും.</u>**
മനുഷ്യശേഷിയുടെയും, പ്രകൃതിവിഭവങ്ങളുടെ ശോഷണം ഈവിധം തുടർന്നാൽ രണ്ടു തലമുറകൾക്കുശേഷം മനുഷ്യനിലനിൽപ്പ് ഭൂമിയിൽ അസാധ്യമായിരിക്കും എന്ന് ഭൌമ ശാസ്ത്രജ്ഞരും, നരവംശ ഗവേഷകരും വേണ്ടത്ര തെളിവുകളോടെ വിലയിരുത്തി. എന്നാൽ, സർക്കാർ സംവിധാനങ്ങൾക്കും, സർക്കാർ ഇതര സന്നദ്ധ സംഘടനകൾക്കും, മനുഷ്യാവകാശ സംരക്ഷകകർക്കും പരിസ്ഥിതി പ്രവർത്തകർക്കും, സമാധാന ലക്ഷ്യ സംഘങ്ങൾക്കും, അവരുടെ പുനർസ്ഥാപിത പദ്ധതികൾ നടപ്പിലാക്കാൻ, ജൈവവിഭവങ്ങളും മനുഷ്യശേഷികളും ശോഷിപ്പിച്ചാൽ മാത്രം ലഭിക്കുന്ന പണം തന്നെ വീണ്ടും വീണ്ടും ചിലവഴിക്കണം എന്നുവരുന്നു. കൂടാതെ, ഈ അനിവാര്യ പുനർനിർമ്മാണ പദ്ധതികൾക്കായി, ഈ അതിവൈരുദ്ധ്യ പ്രവർത്ത നങ്ങൾ തന്നെ, അടുത്തതലമുറക്കും തുടരേണ്ടിയും വരുന്നു.

11. **<u>സാമ്പത്തിക യാഥാർത്ഥ്യങ്ങളും പാരിസ്ഥിതിക അടിയന്തിരാവസ്ഥകളും:</u>**
വിഷവാതകങ്ങൾ കൊണ്ട്, വായു ശ്വസിക്കാനാവാതാകുമ്പോൾ, പകർച്ചവ്യാധികൾ അനിയന്ത്രിതമാകുമ്പോൾ, വിഭവസ്രോതസുകൾ അപ്രത്യക്ഷമാകുമ്പോൾ, ശേഷിക്കുന്നവ ഉപയോഗശൂന്യമാകുമ്പോൾ, അതിനാൽ മനുഷ്യരും ജീവജാലങ്ങളും അകാലങ്ങളിൽ ഇല്ലാതാകുമ്പോൾ, പണംകൊണ്ട് ഇവയൊന്നും വീണ്ടെടുക്കാനാവില്ല എന്ന് പണമുള്ളവനും, പണമില്ലാത്തവനും ഒരു പോലെ തിരിച്ചറിയേണ്ടി വന്നു. എന്നാൽ, ലോകത്തെ എല്ലാ ജനങ്ങൾക്കും, വിദ്യാഭ്യസവും വിഭവങ്ങളും ഉത്പന്ന-സേവനങ്ങളും അവരുടെ പിൻതലമുറകൾക്കു വിപണനം നടത്തുമ്പോൾ ലഭിക്കുന്ന പണം വിനിയോഗിക്കാതെ ഉപജീവനവും രാഷ്ട്ര-നിർമ്മാണവും നടപ്പിലാക്കാനാവാതെയും വന്നു.

12. **<u>മനുഷ്യർ നേടിയതും, നിയമവ്യവസ്ഥകൾ നിഷേധിച്ചതും:</u>** പ്രപഞ്ച പ്രക്രിയകളിലെ ജീവൻ എന്ന പ്രതിഭാസംമൂലം ഭൂമിയിൽ ജനിച്ച മനുഷ്യർ ഇവിടെ ലഭ്യമായ വിവരങ്ങളും വിഭവങ്ങളും സമയങ്ങളും വേണ്ടവിധം ഉപയോഗിക്കാനുള്ള കായികശേഷിയും ബോധവികാസവും പല തലമുറകളിലൂടെ നേടിയെടുത്തു. അത് വിവിധ ഉത്പന്ന-സേവനങ്ങളുടെ നിർമ്മാണത്തിനും സംഭരണത്തിനും വിനിമയത്തിനും ആസ്വദനത്തിനുമുള്ള വഴി തെളിച്ചു. ഉപജീവന ആവശ്യങ്ങളും പൊതുജന സൌകര്യങ്ങളും വിപുലീകരിച്ചു. വിവിധയിനം കലാകായിക സംഗീത സാഹിത്യ വിനോദ സൃഷ്ടികൾ അവതരിച്ചു. ആരോഗ്യ മേഖലയും ഗതാഗത സമ്പ്രദായങ്ങളും, വാർത്താ വിനിമയ സംവിധാനങ്ങളും വിവര സാങ്കേതിക വിദ്യകളും ശാസ്ത്ര പഠന വിഷയങ്ങളും അന്യഗ്രഹ ഗവേഷണ മേഖലകളും വളരെ കൂടുതൽ വികസിച്ചു. പകർച്ച വ്യാധികളും പ്രകൃതി ദുരന്തങ്ങളും ഒരു പരിധിവരെ നിയന്ത്രിച്ചു. അസാധ്യമെന്നു കരുതിയ പലതും അവർ സംഘം ചേർന്ന് സാധിച്ചു. എന്നാൽ, ജനങ്ങൾ ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി നിർമ്മിച്ചു സാധ്യമാക്കിയ ഇവയെല്ലാം ഉത്പന്ന-സേവനങ്ങൾ നിർമ്മിക്കുമ്പോൾ വേതനമായി നൽകുന്ന "പണം" പ്രതിഫലമായി കൊടുക്കാതെ ഉപയോഗിക്കാനും ഉപഭോഗിക്കാനും പാടില്ലെന്ന് നിലവിലെ എല്ലാ രാജ്യങ്ങളിലെയും ഭരണഘടന നിഷ്ക്കർഷിച്ചു.

13. **<u>നാശത്തിലേക്കുള്ള ഉപദേശങ്ങളും നിർദേശങ്ങളും :</u>** ഭരണഘടനയിലെ ഈ അപ്രായോഗീക നിബന്ധനകൾ മൂലം അനിശ്ചിതത്വത്തിൽ ജീവിച്ചു വരുന്ന മാതാ–പിതാക്കളും ഭരണാധികാരികളും ഗുരുജനങ്ങളും തൊഴിൽദായകരും പ്രചോദന പ്രബോധകരും ആത്മീയ ആചാര്യൻമാരും ചേർന്ന് പണം സമ്പാദിച്ച് ജീവിത വിജയം നേടാനായി യുവതമുറകൾക്ക് പലവിധ ഉപദേശങ്ങളും നിർദേശങ്ങളും സിദ്ധാന്തങ്ങളും നൽകി വന്നു. എന്നാൽ സംഘം ചേർന്ന് നിർമ്മിക്കുന്ന ഉത്പന്നങ്ങളും സേവനങ്ങളും ലഭിക്കാൻ വീണ്ടും

ഉത്പന്ന സേവനങ്ങൾ തന്നെ നിർമ്മിക്കണം എന്നും അങ്ങിനെ പണം സമ്പാദിക്കാനായി ബാല്യം മുതൽ ഇതര വ്യക്തികളുമായി സദാ മത്സരിക്കണം എന്നും ഉള്ള അവസ്ഥ അവരിൽ പലരെയും നിരാശരും അശാന്തരുമാക്കി. ഇവർക്ക് സ്വശാന്തിക്കായി മയക്കു മരുന്നുകളിൽ അഭയം പ്രാപിക്കേണ്ടി വന്നു. ജീവിച്ചിരിക്കുന്ന ഇഹലോകത്തു ശാന്തി ഉറപ്പിക്കാനായി തീവ്രവിപ്ലവകാരികളായും, പറയപ്പെടുന്ന പരലോകത്തു ശാന്തിലഭിക്കാനായി തീവ്രആത്മീയ വാദികളായും അവർക്ക് ആയുധമെടുക്കേണ്ടി വന്നു. സഹജീവികളായ മനുഷ്യരെ കൊല്ലുകയും പിന്നെ അവർക്ക് സ്വയം മരിക്കേണ്ട സാഹചര്യവും വന്നു.

**14. <u>അന്ധവിശ്വാസങ്ങളുടെ ഉറവിടം:</u>** പഴയതലമുറയിലെ അംഗങ്ങൾ ഉപജീവന പ്രതിസന്ധിയുടെ യഥാർത്ഥ കാരണങ്ങൾ തിരിച്ചറിയാനാകാതെ ഇത് പരിഹരിക്കുവാൻ പല തലമുറകളായി ആത്മീയവും, ഭൌതീകവും, താത്വീകവും, കായികവുമായ പലവിധ ശ്രമങ്ങൾ നടത്തി വന്നു. ഇവയെല്ലാം ആവർത്തിച്ചു പരാജയപ്പെടുകയും ചെയ്തു. അപ്പോൾ അവർ ഭൂമി മിഥ്യയാണെന്നും, മനുഷ്യർ പാപികളാണെന്നും, മരണശേഷമാണ് ശാശ്വത ജീവിതമെന്നും, മുജ്ജന്മ കർമ്മങ്ങളാണ് ഈജന്മ ഫലങ്ങളെന്നും, ഇഹലോക മുക്തിയും പരലോക പ്രാപ്തിയുമാണ് മോക്ഷ മാർഗ്ഗമെന്നും ഇതിനായി സ്വന്തം ഗോത്ര ദൈവങ്ങളെ സദാ ആരാധിക്കണമെന്നും മറ്റും പുതുതലമുറകളുടെ ഇടയിൽ പ്രചരിപ്പിക്കേണ്ടി വന്നു. ഈ അടിസ്ഥാനരഹിത വിശ്വാസങ്ങളാണ് ജീവിതമാനദണ്ഡങ്ങളെന്ന് അവരുടെ മേൽ അടിച്ചേൽപ്പിക്കേണ്ടി വന്നു. ഇതിനായി യുക്തിബോധം കൈവരിക്കും മുൻപേ, നിസ്സഹായരും നിഷ്ക്കളങ്കരുമായ സ്വന്തം കുരുന്നുകളെ നിഷ്ക്കരുണം കരുവാക്കേണ്ടിയും വന്നു. ഭയ-ഭക്തി-ബഹുമാനവും, സമ്മർദ്ദ-മർദ്ദന-ഭീഷണിയും കാരണം പിൻതലമുറകൾക്കു അവരുടെ മുതിർന്ന തലമുറകളെ അനുസരിക്കേണ്ടി വന്നു. ഇവരിലൂടെ അനാവശ്യ ആചാരങ്ങളും, പരസ്പര വിരുദ്ധ വിശ്വാസ സങ്കൽപ്പങ്ങളും, ലോകം മുഴുവൻ ഇന്നും നിലനിന്നു വരുന്നു.

15. **<u>മരണം; വിശ്വാസങ്ങളും യാഥാർത്ഥ്യങ്ങളും</u>**; അസംതൃപ്തവും, അപ്രതീക്ഷിതവും അകാലീകവുമായ ദുരന്തമരണങ്ങൾക്ക് മാത്രം നിത്യേന സാക്ഷിയാകേണ്ടി വന്നവരാണ് ഇതുവരെയുള്ള മനുഷ്യർ. അതിനുള്ള കാരണം, വിഭവ സമാഹരണത്തിനായി നടത്തിയ നിരന്തര യുദ്ധങ്ങൾ, അധികാര മോഹികളായ ഭരണാധികാരികളുടെ പീഡനമുറകൾ, മനുഷ്യർക്കു മാത്രം അനുഭവിക്കേണ്ടി വരുന്ന ദാരിദ്ര്യം, ഇനിയും നിയന്ത്രിക്കാനാകാത്ത പകർച്ച വ്യാധികളും പ്രകൃതിദുരന്തങ്ങളും, പരിഗണനയും പരിചരണവും ലഭിക്കാത്ത ശൈശവവും വാർദ്ധക്യവും, അപകടകരമായ ഉപജീവന മാർഗ്ഗങ്ങൾ, അവകാശങ്ങൾക്കു വേണ്ടി നടത്തിയ വംശീയ, ദേശീയ ഏറ്റുമുട്ടലുകൾ, വർദ്ധിച്ചു വരുന്ന ജീവിത ശൈലീ രോഗങ്ങൾ, ലഹരി വസ്തുക്കളുടെ നിരന്തര ഉപഭോഗം, ചികിൽത്സ ലഭിക്കാത്ത രോഗാവസ്ഥയും, ചികിൽത്സിച്ചിട്ടും മാറാത്ത രോഗങ്ങളും, ആശങ്കമൂലമുള്ള ആത്മഹത്യ എന്നിവയാണ്. ആയതിനാൽ, മരണത്തെ ദൈവത്തിന്റെ പരീക്ഷണം എന്നും പ്രകൃതിയുടെ ക്രൂരത എന്നും, മനുഷ്യന്റെ വിധി എന്നും, സ്വന്തം അന്ത്യമെന്നും, വിശ്വാസിക്കേണ്ടി വന്നു.

എന്നാൽ, ജീവജാലങ്ങൾ ഭൂമിയിൽ ജന്മം കൊണ്ടാൽ അവർക്ക് പിൻതലമുറകളെ സൃഷ്ടിച്ച് സ്വന്തം വംശത്തെ നിലനിർത്തുകയെന്ന ജൈവീകകർമ്മം നിർവ്വഹിക്കേണ്ടതുണ്ട്, ഇതിനു വേണ്ടി നാം മനുഷ്യർ ഉത്പന്ന സേവനങ്ങൾ നിർമ്മിക്കുകയും, സംഭരിക്കുകയും വിതരണം നടത്തുകയും, ഉപഭോഗിക്കുകയും ചെയ്യണം. ഈ പ്രക്രിയയിൽ ശരീരത്തിനും ബോധത്തിനും സ്വാഭാവികമായ അപചയം സംഭവിക്കുന്നു. ഈ അപചയപ്രക്രിയ ആരംഭിക്കുന്നതിനു മുൻപു തന്നെ സ്വന്തം ശരീരത്തിൽ നിന്നും പിൻതലമുറകൾ സൃഷ്ടിക്കപ്പെടുന്നു. നാം അടുത്ത തലമുറകളെ സൃഷ്ടിക്കുകയും, സംരക്ഷിക്കുകയും, വംശം നിലനിർത്താൻ പ്രാപ്തരാക്കുകയും ചെയ്ത് അപ്രത്യക്ഷമാകുമ്പോൾ മരിക്കുകയല്ല നമ്മുടെ ശരീരം പിൻതലമുറകളിലൂടെ പുതിയ ജീവനിലും ബോധത്തിലും നവീകൃതരൂപത്തിൽ കാലാനുസൃതമായി ഇവിടെ വീണ്ടും നിലനിൽക്കുകയാണ് ചെയ്യുന്നത്. ഈ വസ്തുതകൾ, ജനിതക ശാസ്ത്രം പരിശോധിച്ചാലും സമയം എന്ന പ്രക്രിയയെ നിരീക്ഷിച്ചാലും ഏവർക്കും ബോധ്യപ്പെടുന്നതുമാണ്. പക്ഷെ ഇന്നും നിലനിൽക്കുന്ന പ്രസ്തുത പ്രാകൃത നിബന്ധന മൂലം സ്വന്തം പിൻതലമുറകളെ സമയ തത്വങ്ങൾ പ്രകാരം വളർത്തിയെടുക്കാൻ സാധിക്കാതായപ്പോൾ അവരിലൂടെ നാം എന്നും നിലനിൽക്കുകയാണ് എന്ന ജൈവീക യാഥാർത്ഥ്യം ഇതുവരെ നമുക്ക് മനസ്സിലാക്കാനായില്ല. ഇനിയും നമ്മൾ പ്രസ്തുത തത്വങ്ങൾ പ്രകാരം അതിജീവനം നടപ്പിലാക്കാതിരിക്കുമ്പോൾ, ദുരന്തമരണങ്ങൾക്കു തന്നെ വീണ്ടും വീണ്ടും സാക്ഷി യാകേണ്ടിയും വരുന്നു.

---

*പണ വിനിമയം കൊണ്ടുള്ള പ്രത്യാഘാതങ്ങൾ ഇനിയും വിവരിക്കാനുണ്ട്. എന്നിരുന്നാലും ഈ അദ്ധ്യായം ഗുരുതരമായ 15 വിഷയങ്ങൾ മാത്രം പറഞ്ഞ് ഇവിടെ അവസാനിപ്പിക്കുന്നു.*